പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ മാത്രമേ നിരീക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. ഇതര സംസ്ഥാനങ്ങളിൽ ഭ്രൂണഹത്യ നടക്കുന്നതായി ബോധ്യപ്പെടുകയാണെങ്കിൽ അത് ദേശീയ മോണിറ്ററിംഗ് കമ്മിറ്റിയേയോ അതാത് അപ്രോപ്രിയേറ്റ് അതോറിറ്റിമാരെ അറിയിക്കുവാനുംമാത്രമേ സാധിക്കുകയുള്ളൂ. അതിർത്തി ജില്ലകളിൽ ഇത്തരം പ്രവണതകൾ ഉള്ളതായി അറിയുന്നുണ്ടെങ്കിലും വ്യക്തമായ തെളിവുകൾ ഒന്നും ഇതുവരെ ലഭിക്കാ ത്തതിനാൽ ബോധവത്കരണം ഒഴികെ ഇതുസംബന്ധിച്ച നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ശാന്തിവിള താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. ഫണ്ട്

59 (3490) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നേമം നിയോജകമണ്ഡലത്തിലെ ശാന്തിവിള താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്. എം. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ എല്ലാ വിശദാംശങ്ങളും ഇനം തിരിച്ചു ലഭ്യമാക്കുമോ ?

ഉത്തരം

ശാന്തിവിള ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു:

1. ജെ.എസ്.എസ്.കെ.
2. ആർ.ബി.എസ്.കെ.
3. ആരോഗ്യ കിരണം
4. വാർഡ് ഹെൽത്ത് സാനിട്ടേഷൻ
5. സിവിൽ വർക്ക്

നേമം നിയോജകമണ്ഡലത്തിലെ ശാന്തിവിള താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. 2013-14 പദ്ധതി പ്രകാരം നിലവിലുള്ള വാർഡിന് മുകളിലായി ഒരു നില വാർഡ് പണിയുന്നതിനും 20 പേരെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു ബഡ് ലിഫ്റ്റ് സ്ഥാപിക്കുന്നതിനുമായി 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ.-നെയാണ് ഈ പദ്ധതിയുടെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. ഇതിനായി വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly